ഓരോ എഴുത്തുകാരനും
മുൻതലമുറയെ
തിരുത്തിക്കുറിക്കുന്നു.
കഥപറച്ചിലിലും ഘടനയിലും
മാറ്റത്തിന്റെ മുഴക്കം
സൃഷ്ടിക്കുന്നു.

കാഴ്ചയുടെ പൂവിളി

നിബ്ബ്

കുഞ്ഞിക്കണ്ണൻ വാണിമേൽ

ഷിറിൻ റഹിയുടെ പെയിന്റിംഗ്

ഒരു പെയിന്റിംഗ് കണ്ടു നിൽക്കുമ്പോൾ അത് നമ്മുടെ സംസ്കൃതിയിലെ നിരവധി ആവിഷ്ക്കാരങ്ങളെ ഓർമ്മിപ്പിക്കും. ചരിത്രവും കാലഘട്ടവും നിറയുന്ന ഓർമ്മകൾ. ചിലപ്പോൾ ആ പെയിന്റിംഗ് വർത്തമാനകാല രൂപമായി മാറാം. ഷിറിൻ റഹിയുടെ പെയിന്റിംഗിന് മുന്നിൽ നിൽക്കുമ്പോൾ കാഴ്ചക്കാർ അനുഭവിക്കുന്നത് ജീവിതത്തിന്റെ മുന്നുകാലങ്ങളാണ്.

ഒരു സ്വപ്നവും അതേ മിഴിവിൽ സഫലീകരണം പ്രാപിക്കാറില്ല. ലൗകികത്തെ സംബന്ധിച്ചുള്ളവ പോലും. പിന്നെയല്ലേ, അലൗകികതയുടെ ഛായ പുരണ്ട സ്വപ്നങ്ങൾ! എങ്കിലും അവ സർഗ്ഗാത്മകതയുടെ അവിഭാജ്യാംശങ്ങളാണ്. അതു നമ്മെ ത്വരിപ്പിക്കുന്നു (ഹിമാലയ പ്രത്യക്ഷങ്ങൾ- ആഷാ മേനോൻ, ഡിസി ബുക്സ്). നിറംപുരണ്ട ഇത്തരം സ്വപ്നങ്ങളാണ് ഭാവിയെ വിതാനിക്കുന്നത്.

ചിത്ര പാഠങ്ങൾ

ഒരു പെയിന്റിംഗ് കണ്ടുനിൽക്കുമ്പോൾ അത് നമ്മുടെ സംസ്കൃതിയിലെ നിരവധി ആവിഷ്ക്കാരങ്ങളെ ഓർമ്മിപ്പിക്കും. ചരിത്രവും കാലഘട്ടവും നിറയുന്ന ഓർമ്മകൾ. ചിലപ്പോൾ ആ പെയിന്റിംഗ് വർത്തമാനകാല രൂപമായി മാറാം. ഷിറിൻ റഹിയുടെ പെയിന്റിംഗിന് മുന്നിൽ നിൽക്കുമ്പോൾ കാഴ്ചക്കാർ അനുഭവിക്കുന്നത് ജീവിതത്തിന്റെ മൂന്നുകാലങ്ങളാണ്. കഥയും കവിതയും ജീവിതവും ചേർന്നുനിൽക്കുന്ന ചിത്രപംക്തിയായി അവ മാറിക്കൊണ്ടിരിക്കുന്നു.

വാമൊഴിയുടെയും വരമൊഴിയുടെയും ഘടനകൾക്ക് പലപ്പോഴും പ്രാപ്യമല്ലാത്ത രചനാ രീതിയാണ് ഷിറിൻ തെരഞ്ഞെടുക്കുന്നത്. കേരളീയ ചിത്രകലാ പാരമ്പര്യവും വൈദേശിക ചിത്രമെഴുത്തിന്റെ ശൈലികളും ഇഴചേരുന്ന ഒരു പ്രതലമാണ് ഷിറിനിന്റെ പെയിന്റിംഗുകൾ അടയാളപ്പെടുത്തുന്നത്. സഞ്ചാരികളും അന്വേഷകരും, നക്ഷത്രങ്ങളും തുറന്നിട്ട വാതിലുകളും നിശ്ചലമായ തടാകവും എല്ലാം ഷിറിനിന്റെ ക്യാൻവാസുകളിലുണ്ട്.

അതിരുകളില്ലാത്ത ഭാവനയുടെ തട്ടകത്തിൽ ഇറങ്ങിനിന്ന് ജീവിതമുഹൂർത്തങ്ങളെ നിരീക്ഷിക്കുമ്പോൾ തന്നെ വീക്ഷണങ്ങൾക്ക് പല മാനങ്ങൾ സാധ്യമാക്കുന്നു. പരിചിതത്വത്തെ അപരിചിതത്വമാക്കുന്ന പാത്തുമ്മയുടെ ആടും സൂക്ഷ്മലോകത്തിന്റെ വൈപുല്യം അവതരിപ്പിക്കുന്ന പ്രകൃതിയും ഈ ചിത്രകാരിയുടെ ബ്രഷിൻ തുമ്പിൽ നിറയുന്നു. നീലനിറത്തിലും വെളുപ്പിലും ആലേഖനം ചെയ്ത ചിത്രങ്ങൾ മനുഷ്യന്റെ അധികാരത്യഷ്ണയും മനുഷ്യരാശിയെക്കുറിച്ചുള്ള ചിന്തകളും ഉണർത്തുന്നു. സാംസ്കാരികവും പാരിസ്ഥിതികവുമായ വേരുകളെ സമകാലീന വർത്തമാനങ്ങൾ കൊണ്ട് നിറയ്ക്കാനും ഷിറിൻ മടികാണിക്കുന്നില്ല. സ്ത്രീജീവിതമാണ് ഷിറിനിന്റെ മുഖ്യവിഷയം. ഗ്രാമീണ ജീവിതത്തിന്റെ മുഖങ്ങളും സന്ദേഹങ്ങൾ പങ്കുവയ്ക്കുന്നവരും ഈ പെയിന്റിംഗുകളിലുണ്ട്. പ്രമേയത്തെ ജീവസ്സുറ്റതാക്കി മാറ്റുന്നതിൽ ഷിറിൻ റഹി ഉപയോഗിച്ച വർണ്ണസങ്കലനം ശ്രദ്ധേയമാണ്. ക്രിയാത്മകമായൊരു ചിത്ര പാഠങ്ങൾക്ക് ഇടം നൽകുന്ന പെയ്ന്റിംഗുകൾ.

സച്ചിദാനന്ദനും പദ്മദാസും

മലയാളകവിതയുടെ പുതിയ മുഖമെഴുത്തിലാണ് സച്ചിദാനന്ദനും പദ്മദാസും ശ്രദ്ധകേന്ദ്രീകരിച്ചത്. സച്ചിദാനന്ദന്റെ അത്രയേ ഉള്ളൂ, പദ്മദാസിന്റെ മുണ്ട് എന്നീ കവിതകൾ എഴുത്തിന്റെയും ജീവിതത്തിന്റെയും വ്യത്യസ്ത തലങ്ങൾ അടയാളപ്പെടുത്തുന്നു. കവിതയുടെ ജീവിതമാണ് സച്ചിദാനന്ദൻ എഴുതിയത്. ഭാഷയിൽ ഭാഷ സൃഷ്ടിച്ച് കവിതയെ പടികടത്തുന്നു. കവിതയ്ക്കായി തുറന്നിട്ട വാതിലുകളാണ് സച്ചിദാനന്ദൻ ഓർമ്മപ്പെടുത്തുന്നത്:

ജീവൻ നാറുന്ന വാക്കുകൾ കൊണ്ട്
ഞാൻ നടക്കുന്ന വഴി അടയാളപ്പെടുത്തുന്നു
അത്രയേ ഉള്ളൂ.- എഴുത്തുകാരന്റെ സത്യവാങ്മൂലമാണിത്.

പദ്മദാസ് മുണ്ട് (കലാകൗമുദി 1801) എന്ന കവിതയിൽ പറയുന്നത് കർഷക ജീവിതത്തെപ്പറ്റിയാണ്. പാടത്തും ചെളിയിലും ഉഴുതുമറിഞ്ഞ അച്ഛന്റെ ജീവിതമാണ് പദ്മദാസ് എഴുതിയത്. ചെളിപ്പാടുകൾ വടുകെട്ടിയ അച്ഛന്റെ മുണ്ട് വായനക്കാരന്റെ മുന്നിൽ തൂക്കിയിടുന്നു. പിന്നീട് അച്ഛനെ കോടിപുതപ്പിച്ച് കിടത്തിയ ചിത്രമാണ് കവി വരച്ചു ചേർത്തത്. കറപുരളാത്ത, ചെളിപ്പാടില്ലാത്ത, കീറാത്ത മുണ്ട് അച്ഛന് കിട്ടുന്നത് നാളികേരം രണ്ടായിമുറിഞ്ഞ നിമിഷത്തിലാണ്:

ഒടുവിൽ,
അച്ഛന് കിട്ടുകതന്നെ ചെയ്തു
കീറാത്ത, കറപുരളാത്ത
പുതുമണമുള്ള ഉലയാത്ത
തൂവെള്ള കോടിമുണ്ട്.- കർഷകദുരിതം ശക്തമായി ആവിഷ്ക്കരിക്കുന്ന കവിത.

ഫീനിക്സ് പക്ഷികൾ

ഓരോ എഴുത്തുകാരനും മുൻതലമുറയെ തിരുത്തിക്കുറിക്കുന്നു. കഥപറച്ചിലിലും ഘടനയിലും മാറ്റത്തിന്റെ മുഴക്കം സൃഷ്ടിക്കുന്നു. എം, വി. കരുണൻ മാസ്റ്ററുടെ ഫീനിക്സ് പക്ഷികൾ സ്വപ്നം കാണുമ്പോൾ എന്ന നോവലും പുതിയൊരു രീതിശാസ്ത്രത്തിലേക്ക് ഇറങ്ങിനിൽക്കുകയാണ്. മലയാളനോവലിന്റെ ശില്പഭദ്രത ചോദ്യം ചെയ്ത ചന്തുമേനോൻ മുതലുള്ള എഴുത്തുകാരോട് ചങ്ങാത്തം കൂടുകയാണ് കരുണൻ മാസ്റ്റർ. കേളോത്തു ഗ്രാമത്തിന്റെ കഥയിൽ രാജ്യത്തിന്റെ ഒരു ചരിത്രഖണ്ഡം ഇഴചേർത്താണ് ഫീനിക്സ് പക്ഷികൾ സ്വപ്നം കാണുമ്പോൾ എന്ന കൃതി രചിച്ചത്. ഗ്രാമത്തിലെ അടിയാളജനതയുടെ ദുരിതവും അധികാരികളുടെ ക്രൂരതയും ഈ നോവലിൽ വിവരിക്കുന്നു. വടക്കൻ കേരളത്തിന്റെ ഗ്രാമ്യ ഭാഷാപദങ്ങൾ നിർലോഭം ഉപയോഗപ്പെടുത്താൻ നോവലിസ്റ്റ് കാണിച്ച ഔത്സുക്യം ശ്രദ്ധേയമാണ്. പലയിടങ്ങളിലും വ്യാസ ദീക്ഷിതമായ ഇടപെടൽ നടത്താനും കരുണൻ മാസ്റ്റർ മറക്കുന്നില്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ചിലഘട്ടങ്ങളും ദേശീയപ്രസ്ഥാനവും ഈ നോവലിലുണ്ട്. അതിന്റെ പ്രതിഫലനങ്ങളും. ഏകനായക കേന്ദ്രീകൃതമായ കഥാഗതി ഈ പുസ്തകത്തിനില്ല. വലിയ ക്യാൻവാസിൽ പറയാവുന്ന കഥ. കൊച്ചു കൊച്ചു വാക്കുകളിലും വാചകങ്ങളിലും ഒതുക്കിപ്പറയുന്നതിൽ കരുണൻ മാസ്റ്ററുടെ വൈദഗ്ധ്യം സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. പ്രാദേശികവും ചരിത്രപരവുമായ സംഭവങ്ങൾ കോർത്തിണക്കി വായനക്കാരെ വ്യത്യസ്ത കാലഘട്ടങ്ങളുടെ ഉള്ളറകളിലേക്ക് നടത്തിക്കുകയാണ് ഫീനിക്സ് പക്ഷികൾ സ്വപ്നം കാണുമ്പോൾ. അതിജീവനത്തിന്റെ ഒടുങ്ങാത്ത ആവേശം തന്നെ-(തണൽ ബുക്സ് വടകര, 85രൂപ).

സച്ചിദാനന്ദൻ

പദ്മദാസ്



കരുണൻ മാസ്റ്റർ

ഷിറിൻ റഹി

കരുണന്റെ പുസ്തകം

നല്ലൊരു കൂട്ടിന് കൂടരുത്
ജയപ്രകാശ് കുളൂർ
ഒലിവ് പബ്ലിക്കേഷൻസ് കോഴിക്കോട്
വില 60 രൂപ

പ്രമേയത്തിലും ആഖ്യാനത്തിലും പുതുമ സൃഷ്ടിക്കുന്ന ജയപ്രകാശ് കുളൂരിന്റെ ഏതാനും നാടകങ്ങൾ. നാടകമെന്നത് വേദിയിൽ അവതരിപ്പിക്കാനുള്ളതാണെന്നും അതിനാൽ സ്ക്രിപ്റ്റ് അതിന് അനുയോജ്യമായിരിക്കണമെന്നും വിശ്വസിക്കുന്ന കുളൂരിന്റെ, വേദിയിലെത്തിയ നാടകങ്ങൾ തന്നെയാണ് ഇതിലുള്ളത്. സാമൂഹ്യാവസ്ഥകളിൽ ഇടപെടുകയും അവയെ പല അർത്ഥത്തിൽ വിശകലനം ചെയ്യുകയും ചെയ്യുന്നുണ്ട് ഈ കൃതിയിലെ ഓരോ നാടകവും. നാടകത്തിന് പഴക്കമില്ലെന്നും പഴകിയാൽ അത് നാടകമല്ലെന്നും അവതാരികയിൽ ഗ്രന്ഥകാരൻ.

ലോകകഥ
വിവ: എം.ടി, എൻ.പി മുഹമ്മദ്
ഒലീവ് പബ്ലിക്കേഷൻസ്
വില 90 രൂപ

വിശ്വസാഹിത്യത്തിലെ മഹാരഥന്മാരായ മോപ്പസാങ്, ഒ. ഹെൻറി, കാതറിൻ മാൻസ്ഫീൽഡ്, സാമുവൽ യോസഫ് ആഗ്നോൻ, മിഖായ്ലോ കോത്സുബിൻസ്കി, ഫ്രാൻസ്വാ കോപ്പേ, ഫ്രാൻസ് കാഫ്ക, ഇസാക് ബാബേൽ, റിയുനോസുകെ അകുതഗാവാ, കാസിമീർ എഡ്സ്മിത്ത് എന്നിവരുടെ കഥകൾ. മലയാള സാഹിത്യത്തിലെ അതികായന്മാരായ എം.ടി വാസുദേവൻ നായരും എം. മുഹമ്മദും ചേർന്നാണ് ഇവയുടെ വിവർത്തനം നിർവഹിച്ചിരിക്കുന്നത് എന്നതാണ് ഈ കൃതിയെ വ്യത്യസ്തമാക്കുന്നത്. 1984-ൽപ്രസിദ്ധീകരിച്ച 'ജീവിതത്തിന്റെ ഗ്രന്ഥത്തിൽ എഴുതിയത്' എന്ന കൃതിയുടെ പുതിയ പതിപ്പാണിത്. പുതിയ പതിപ്പിൽ എം.ടിയും എൻ.പിയും വിവർത്തനം ചെയ്ത പുതിയ രണ്ടുവീതം കഥകൾ ചേർത്തിട്ടുണ്ട്.

കാസനോവ: പ്രണയ സ്മരണകൾ
വിവ: സി. വേണുഗോപാൽ
ഒലിവ്
വില 200 രൂപ

പുരുഷലൈംഗികതയുടെ പ്രതീകവും കുപ്രസിദ്ധ സ്ത്രീലമ്പടനുമായി ലോകം വാഴ്ത്തുന്ന ഇറ്റാലിയൻ എഴുത്തുകാരൻ കാസനോവയുടെ ഓർമ്മക്കുറിപ്പുകൾ. സാഹസികവും അസാധാരണവുമായ അനുഭവങ്ങൾ വിവരിക്കുന്ന കാസനോവയുടെ സ്മരണകൾ പതിനെട്ടാം നൂറ്റാണ്ടിലെ യൂറോപ്പിന്റെ കപട സദാചാര ജീവിതത്തെയും ആചാരങ്ങളെയും അനാവരണം ചെയ്യുന്നു. നല്ലതോ ഹീനമോ ആയ തന്റെ ജീവിതക്രമത്തിലെ പ്രവൃത്തികളെല്ലാം സ്വാതന്ത്ര്യപൂർവമാണ് താൻ നിർവഹിച്ചിട്ടുള്ളതെന്നും താൻ സ്വതന്ത്രനായൊരു മധ്യവർത്തിയാണെന്നും കാസനോവ പറയുന്നു. 'ഈ ലോകത്തിലെ ഏറ്റവും ആഹ്ലാദായകമായ പുസ്തകങ്ങളിലൊന്ന്' എന്ന് എഡ്വിൻ ഹാവ്ലോക്ക് വിശേഷിപ്പിച്ച പുസ്തകം.

ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം
പോൾ ഷ്രാഡർ
വിവ: ബിബുരാജ്
ഫ്രെയിം ഫിലിം സൊസൈറ്റി, തിരൂർ
വില 75 രൂപ

കസൻദ്സാക്കിസിന്റെ 'ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം' എന്ന നോവലിനെ ആധാരമാക്കി മാർട്ടിൻ സ്കോർസെസെ സംവിധാനം ചെയ്ത ചിത്രത്തിന്റെ തിരക്കഥ. ക്രിസ്തുവിനെ സാധാരണ മനുഷ്യനായിക്കാണുകയും അദ്ദേഹം നേരിട്ടിരിക്കാനിടയുള്ള വൈഷമ്യങ്ങളെയും വേദനകളെയും അവതരിപ്പിക്കുകയും ചെയ്ത ഈ സിനിമ ആഗോള തലത്തിൽ വൻ ചലനങ്ങളാണുണ്ടാക്കിയത്. ചിലി, ഫിലിപ്പീൻസ്, ദക്ഷിണാഫ്രിക്ക, സിംഗപ്പൂർ എന്നീ രാജ്യങ്ങൾ ഇതിന് നിരോധനമേർപ്പെടുത്തി. പോൾ ഷ്രാഡറുടെ പുസ്തകത്തെ അതേമട്ടിൽ വിവർത്തനം ചെയ്യുന്നതിനു പകരം കുറെയേറെ മലയാളീകരിച്ചിട്ടുണ്ടെന്നും ചലചിത്ര പഠിതാക്കൾക്ക് ഇതൊരു പാഠപുസ്തകമാവാമെന്നും വിവർത്തകൻ.

സ്റ്റുവർട്ട് ലിറ്റിൽ
ഇ.ബി വൈറ്റ്
ഒലിവ്
വില 50 രൂപ

ഇ.ബി.വൈറ്റിന്റെ വിശ്വപ്രസിദ്ധമായ ബാലസാഹിത്യകൃതിയുടെ വിവർത്തനം. ഫ്രെഡറിക് ലിറ്റിലിന്റെ രണ്ടാമത്തെ മകൻ പിറന്നത് ഒരു എലിയെപ്പോലെയാണ്. രണ്ടിഞ്ച് ഉയരം, മൂക്കും വാലും മീശയുമൊക്കെ എലിയെപ്പോലെ. ലിറ്റിൽ ദമ്പതിമാർ അവന് സ്റ്റുവർട്ട് എന്നു പേരിട്ടു... പിന്നീട് സ്റ്റുവർട്ടിന്റെ ജീവിതത്തിൽ സംഭവിച്ച രസകരവും സാഹസികവുമായ സംഭവങ്ങളുടെ ആഖ്യാനമാണ് ഈ നോവൽ. ലോകമെങ്ങുമുള്ള കുട്ടിവായനക്കാർ ഇതിനെ ആഹ്ലാദത്തോടെയാണ് സ്വീകരിച്ചത്.



കുട്ടികൾക്ക് കുറെ നാടൻ കളികൾ
കാവാലം ഗോവിന്ദൻകുട്ടി നായർ
ഒലിവ് പബ്ലിക്കേഷൻസ്
വില 50 രൂപ

നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന നാടൻ കളികളെ പരിചയപ്പെടുത്തുന്ന പുസ്തകം. അടിച്ചേച്ചാട്ടം, അക്കുത്തിക്കുത്ത്, ഇലയൂതിക്കളി, കഷ്ടംകളി, ഒളിച്ചുകളി, കാടുംവീടും, കള്ളനും പോലീസും, കുട്ടിയും പോലീസും, നിരകളി തുടങ്ങിയ നാടൻ വിനോദങ്ങളെ സരസവും സരളവുമായ രീതിയിൽ ഒരു കഥയിലെന്ന പോലെ അവതരിപ്പിച്ചിരിക്കുന്നു. കളിയുടെ ചിത്രങ്ങളും മറ്റും ചേർത്തിട്ടുണ്ട്.

ഭാര്യ അകത്തുണ്ട്
ഇബ്രാഹിം ടി.എൻ പുരം
പൂങ്കാവനം ബുക്സ്
വില 60 രൂപ

ദാമ്പത്യം ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗങ്ങളിലൊന്നാണ്. പരസ്പരം ആശ്രയിച്ചും സഹകരിച്ചും സമർപ്പിച്ചും രണ്ടു പേർക്കിടയിൽ നിലനിൽക്കുന്ന യാഥാർത്ഥ്യമാണത്. സ്നേനിധിയായ ഭാര്യ ഭർത്താവിനും ഭർത്താവ് ഭാര്യക്കും ആശ്വാസവും താങ്ങും തണലുമാണ്. ദാമ്പത്യജീവിതം സംബന്ധിച്ച സുപ്രധാനമായ ചില കാര്യങ്ങളാണ് 'ഭാര്യ അകത്തുണ്ട്' എന്ന കൃതിയിൽ പരാമർശിക്കുന്നത്. കുടുംബജീവിതത്തിന്റെ നാനാ ഭാഗങ്ങൾ സ്പർശിക്കുന്ന ഈ കൃതി, രസകരമായ ഒരു കഥയെന്ന പോലെ വായിച്ചുപോകാം. കുഞ്ഞാത്ത എന്ന കഥാപാത്രത്തെ കേന്ദ്രീകരിച്ച് സരളമായി കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നു.

പടിപ്പുരയും കടന്ന്
ഇബ്രാഹിം ടി.എൻ പുരം
പൂങ്കാവനം ബുക്സ്
വില 50 രൂപ

മലയാളിയുടെ ഗൾഫ് ജീവിതത്തിന്റെ ഇരുണ്ട മുഖങ്ങളെ വെളിച്ചത്തിലേക്കു കൊണ്ടു വരുന്ന നോവൽ. ഇസ്ലാമിന്റെ ചിട്ടകൾക്കൊപ്പം ജീവിതം ചിട്ടപ്പെടുത്തി, പ്രതിസന്ധികളെ ആർജവത്തോടെ നേരിടുന്ന സ്ത്രീയുടെ കഥ പറയുന്നു. ഭർത്താവ് മരിച്ചു പോയ സുന്ദരിയായ യുവതി അനേകം പ്രശ്നങ്ങൾ നേരിടേണ്ടി വരികയാണ്. ഭർത്താവിനെ അഗാധമായി സ്നേഹിക്കുന്നതിനാലും ശരീരകാമനകളെ കീഴടക്കാനുള്ള മനശ്ശക്തി ഉള്ളതിനാലും അവർ മറ്റൊരു വിവാഹത്തിന് സമ്മതിക്കുന്നില്ല. സ്വന്തം മകളെ വളർത്തിവലുതാക്കുന്നതിനായി ഗൾഫിലേക്ക് ആയയായി പോകേണ്ടിവരുന്ന അവൾ പ്രതീക്ഷിക്കാത്ത പലതുമാണ് നേരിടുന്നത്.

സ്ത്രീപക്ഷ നോവലാണ് ഇതെന്ന് അവതാരികയിൽ പി.സുരേന്ദ്രൻ. വായനയിൽ തടസ്സങ്ങൾ സൃഷ്ടിക്കാത്ത കൃതി.

ജീവിതം സംഗീതം

ചാനൽമേടകളിലാണിന്ന് മാപ്പിള സംഗീതത്തിന്റെ സ്ഥാനം. റിയാലിറ്റി ഷോകളും ചാനൽ ഗാനങ്ങളുമായി മാപ്പിളപ്പാട്ട് എന്ന ജനകീയ സംഗീതം ഒരുതരം ആഢ്യത്വം സ്വീകരിച്ചിരിക്കുന്നു. പാട്ടുകാർക്കും പാട്ടൊരുക്കുന്നവർക്കും പാട്ടെഴുത്തുകാർക്ക് ഈ പ്രവണത പേരും പെരുമയും പണവും നൽകുന്നുണ്ടാവാം. എന്നാൽ, ഒരു തരം അകലം പ്രേക്ഷകനും കലാകാരനുമിടയിൽ സൃഷ്ടിക്കപ്പെടുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്.

ചാനൽശോഭയോ പണക്കൊഴുപ്പോ അല്ല സംഗീതത്തെയും കലയെയും നിലനിർത്തുന്നത്. പലപ്പോഴും അതുണ്ടാകുന്നത് പാവപ്പെട്ടവന്റെയും അതിജീവനം തേടുന്നവന്റെയും അന്വേഷണങ്ങളിൽ നിന്നാണ്. അത്തരം സംഗീതമാണ് ശാശ്വതമായി നിലനിൽക്കുന്നതും.

ഇത് അബ്ദുല്ല മുചുകുന്ന്. ഇന്നത്തെ മാപ്പിളപ്പാട്ടിന്റെ വർണ്ണശബളമായ മുഖ്യധാരയിൽ ഈ പേര് നിങ്ങൾ കേട്ടിട്ടുണ്ടാവില്ല. 'ചന്തമുള്ള നൂരിയ' എന്ന മാപ്പിളപ്പാട്ട് ആൽബവുമായി അബ്ദുല്ല രംഗത്തെത്തുന്നത് അതിജീവനത്തിന്റെ വഴിയിൽ ഏറെ സഹിച്ചിട്ടാണ്. 23 വർഷമായി ഹോട്ടൽതൊഴിലാളിയായ ഈ യുവാവ് പാട്ട് എഴുതുകയും പാടുകയും സംഗീതം പകരുകയും ചെയ്യുന്നു. 'ചന്തമുള്ള നൂരിയ'യിലെ പാട്ടുകളെല്ലാം എഴുതിയതും സംഗീതം നൽകിയതും അബ്ദുല്ല സ്വയമാണ്. കഷ്ടപ്പെട്ട് സ്വരൂപിച്ച് പണം കൊണ്ട് ആൽബം പുറത്തിറക്കിയതും.

തലശ്ശേരി വൈ.എം.എ ഓർക്കസ്ട്രയിൽ അൽപകാലം അഭ്യസിച്ചതൊഴിച്ചാൽ അബ്ദുല്ലക്ക് സംഗീതത്തിൽ കാര്യമായ പാഠങ്ങളില്ല. കലയോടുള്ള ആത്മാർത്ഥത കൊണ്ടുമാത്രമാണ് അബ്ദുല്ല ഏറെ സഹിച്ചും ആൽബം പുറത്തിറക്കിയത്. മാപ്പിളപ്പാട്ടിന്റെ പേരിൽ ഇന്ന് ദിനേന ഇറങ്ങിക്കൊണ്ടിരിക്കുന്ന പല സമീപകാല ആൽബങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ 'ചന്തമുള്ള നൂരിയ' വ്യത്യസ്തത പുലർത്തുന്നുണ്ട്.

വൻകിട മാർക്കറ്റിംഗ് കമ്പനികളല്ല അബ്ദുല്ലയുടെ സംഗീതത്തെ വിപണനം ചെയ്യുന്നത്. ഒരുപരിധി വരെ താൻ തന്നെ ഒറ്റക്ക് നടന്നാണ് സി.ഡികളുടെ വിൽപ്പന നിർവഹിക്കുന്നതെന്ന് പറയുന്നു ഈ കലാകാരൻ. ജോലി ചെയ്യുന്ന ഹോട്ടലിൽ വെച്ചുമാത്രം 1300 കോപ്പികൾ വിറ്റഴിച്ചു. ഇന്ത്യാവിഷൻ, മനോരമ ന്യൂസ് തുടങ്ങിയ വാർത്താ മാധ്യമങ്ങൾ അബ്ദുല്ലയെക്കുറിച്ച് പ്രോഗ്രാമുകൾ ചെയ്തിട്ടുണ്ട്. ആകാശവാണിയിലും റെഡ് എഫ്.എമ്മിലും 'ചന്തമുള്ള നൂരിയ'യിലെ പാട്ടുകൾ പ്രക്ഷേപണം ചെയ്യപ്പെടുന്നു.

പണമില്ലാത്തവന് വേദികൾ കണ്ടെത്തുക എളുപ്പമല്ലെന്നാണ് സംഗീത ജീവിതത്തിൽ നിന്ന് താൻ പഠിച്ചതെന്ന് അബ്ദുല്ല പറയുന്നു. മുഖ്യധാരക്കാരിൽ നിന്ന് ഒട്ടേറെ തിരിച്ചടികൾ നേരിടേണ്ടി വന്നിട്ടുണ്ട്. തിരിച്ചടികളിൽ പതറാതെ മുന്നോട്ടു പോവുകയും അവസരങ്ങൾ സ്വയം സൃഷ്ടിച്ചെടുക്കുകയും ചെയ്യേണ്ടിവരുന്നു ഇന്നത്തെ കലാകാരൻ.

തന്റെ കന്നി ആൽബത്തിന് വീഡിയോ ആവിഷ്ക്കാരം നൽകാൻ അബ്ദുല്ല മുചുകുന്ന് ഉദ്ദേശിക്കുന്നുണ്ട്. തന്റെ പാട്ടുകൾ കേട്ട്, അവയുടെ മേന്മ തിരിച്ചറിഞ്ഞ് ആരെങ്കിലും അതിനായി മുന്നോട്ടുവരുമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നു. കാത്തിരിക്കുന്നു.

-വിജി